File No.SJD/507/2020-C1

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: എം. അഞ്ജന IAS)

ഉത്തരവ് നം. SJD/507/2020-C1

തിരുവനന്തപുരം,
തീയതി. 07/03/2022

---

വിഷയം: സാ.നീ.വ.- പ്രൊബേഷൻ & ആഫ്റ്റർ കെയർ -പ്രൊബേഷനർമാർ, ജയിൽ മോചിതർ, യുവകുറ്റാരോപിതർ, അതിക്രമത്തിനിരയായവർ തുടങ്ങിയവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനു അനുമതി നൽകിയും തുക അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1) സ.ഉ (സാധാ )നം 541/2021/സാ.നീ.വ തീയതി 05/08/21
2)സാ.നീ.ഡയറക്ടറുടെ 25/08/21 ലെ SJD/507/202/-C1 നം കത്ത് .
3) ജില്ലാ പ്രൊബേഷൻ ഓഫീസർമാർ മുഖാന്തിരം സമർപ്പിച്ച അപേക്ഷകൾ .

സംസ്ഥാനത്ത് പ്രൊബേഷൻ സേവനങ്ങളുടെ ഭാഗമായി വകുപ്പ് മുഖേന നിരവധി ക്ഷേമ പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നുണ്ട്. കുറ്റകൃത്യത്തിൽ പെട്ടുപോയവരെ പ്രൊബേഷൻ സംവിധാനം വഴി സാമൂഹികമായും മാനസികവുമായി പരിവർത്തനം ചെയ്തു സമൂഹത്തിനു പ്രയോജനപ്പെടുന്ന പൌരന്മാരാക്കുകയാണ് ഇതിലൂടെ വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്. പ്രസ്തുത പ്രൊബേഷൻ സംവിധാനം ആധുനികവൽക്കരിച്ചും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ ആരംഭിച്ച പദ്ധതിയാണ് നേർവഴി പദ്ധതി . 18 -30 വയസ്സിനിടയിൽ പ്രായമുള്ള യുവ കുറ്റാരോപിതരിൽ സൈക്കോസോഷ്യൽ ഇന്റർവെൻഷൻ നടത്തി വീണ്ടും കുറ്റകൃത്യത്തിൽ ഏർപ്പെടാനുള്ള പ്രവണത കുറയ്ക്കുകയും അവരിൽ കുടുംബ സാമൂഹ്യ പുനസംയോജനം സാധ്യമാക്കി വിദ്യാഭ്യാസം , തൊഴിൽ പരിശീലനം തുടങ്ങിയവ നൽകി അവരെ പുനരധിവസിപ്പിക്കുകയുമാണ് ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്.

പ്രസ്തുത നേർവഴി പദ്ധതി നടപ്പ് വർഷവും തുടരുന്നതിന് അനുമതി നൽകിയും ആയതിന്റെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾക്കുമായി 1,07,00,000 /- രൂപ തുക അനുവദിച്ചും പരാമർശപ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ component നമ്പർ 12 ആയി ജയിൽ മോചിതർ, പ്രൊബേഷനെഴ്സ്, യുവ കുറ്റാരോപിതർ, അതിക്രമത്തിനിരയായവർ എന്നിവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനു കോഴ്സ് ഫീസ് ആയി 10,50,000 രൂപയും സ്റ്റൈപ്പെൻഡ്, ടൂൾ കിറ്റ് എന്നീ ഇനത്തിൽ 7,70,000/- രൂപയും വകയിരുത്തിയിട്ടുണ്ട്. ആയതുപ്രകാരം എല്ലാ ജില്ലയിലും പ്രൊബേഷൻ

ഓഫീസർമാരുടെയും പ്രൊബേഷൻ അസിസ്റ്റന്റുമാരുടെയും നിരീക്ഷണത്തിലുള്ള മേൽ പരാമർശിത വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിലിൽ ഗവ സ്ഥാപനങ്ങൾ/ ഗവ. അംഗീകൃത പ്രൈവറ്റ് സ്ഥാപനങ്ങൾ /NGO സ്ഥാപനങ്ങൾ എന്നിവ മുഖേന പരിശീലനം നൽകുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനു പരാമർശം 2 പ്രകാരം നിർദ്ദേശം നൽകിയിരുന്നു.ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം വിവിധ കാര്യാലയങ്ങളിൽ നിന്ന് പ്രോപോസലുകൾ ലഭ്യമാക്കിയിട്ടുണ്ട് . പദ്ധതി പ്രകാരമുള്ള ധന കാര്യ വിശകലനം ചുവടെ ചേർക്കുന്നു .

**<u>അനുവദനീയമായ തുക</u>**

1. Course fee @15000*5*14= 10,50,000/-
2. Stipend @3000*3*5*14 =6,30,000 (maximum 3 months)
3. Tool Kit @2000*5 *14= 1,40,000

**Total 18,20,000/-രൂപ**

**നടപ്പ് വർഷം അനുവദിക്കുന്ന തുക**

1. Course fee @7500*5*14= 5,25,000
2. Stipend @3000*1*5*14 =2,10,000 (for one month )
3. Tool Kit @2000*5 *14= 1,40,000

**Total 8,75,000-രൂപ**

**ആകെ 8,75,000-രൂപ (എട്ടു ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം )**

മേൽ സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രൊബേഷൻ ഓഫീസർമാരുടെയും അസ്സിസ്റ്റന്റുമാരുടെയും നിരീക്ഷണത്തിലുള്ള പ്രൊബേഷനർമാർ , ജയിൽ മോചിതർ, യുവ കുറ്റാരോപിതർ എന്നിവർക്കും അതിക്രമത്തിനിരയായവർ/ആശ്രിതർക്കും അവരുടെ അഭിരുചിക്കനുസരിച്ചുള്ള തൊഴിലിൽ പരിശീലനം നൽകി പുനരധിവസിപ്പിക്കുന്നതിലേക്ക്, ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള പദ്ധതി മാനദണ്ഡങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, അനുമതി നൽകിയും ആയതിലേക്ക് **ഒരു ജില്ലയ്ക്ക് 62500 /- രൂപ** വീതം 14 ജില്ലകൾക്ക് **ആകെ 8,75,000-രൂപ** ഫണ്ട് അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ തുക **8,75,000-രൂപ** ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ മുഖേന ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർക്ക് കൈമാറേണ്ടതും പ്രൊബേഷൻ ഓഫീസർമാർ പദ്ധതി മാനദണ്ഡപ്രകാരം സ്ഥാപനത്തിന്റെയും ഗുണഭോക്താവിന്റെയും അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു നൽകേണ്ടതുമാണ് . പ്രൊബേഷൻ ഓഫീസർമാർ പദ്ധതി അടിയന്തിരമായി നടപ്പിലാക്കേണ്ടതും, കൃത്യമായി

മോണിറ്റർ ചെയ്യേണ്ടതും റിപ്പോർട്ട്, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ് .

ഇതിലേക്കാവശ്യമായ ചെലവ് നടപ്പ് വർഷത്തെ 2235-02-106-93(P) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ് .

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്കും
പകർപ്പ് :

1. എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
2. സൂപ്രണ്ട് ,എ ,ബി ,പ്ലാനിംഗ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ /സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

നം. SJD/507/2020-C1

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 07/03/2022
Email - swdkerala@gmail.com
Phone - 0471 - 2306040

**പ്രൊബേഷണർ/ ജയിൽമോചിതർ/ അതിക്രമത്തിന് ഇരയായവർ/ ആശ്രിതർ/ യുവ കുറ്റാരോപിതർ എന്നിവർക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി.**

**ആമുഖം**

പ്രൊബേഷൻ & ആഫ്റ്റർ കെയർ സേവനങ്ങളുടെ ഭാഗമായി വകുപ്പ് മുഖേന വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സാമൂഹ്യ പ്രതിരോധത്തിൻറെ ഭാഗമായി മുൻ തടവുകാർ / പ്രൊബേഷണർമാർ, തടവുകാരുടെ ആശ്രിതർ ,അക്രമത്തിന് ഇരയായവർ / മാനസികരോഗ ബാധിതരായ തടവുകാർ / തുടങ്ങിയവരുടെ പുനരധിവാസവും ആയി ബന്ധപ്പെട്ട വിവിധപദ്ധതികളാണ് നടപ്പിലാക്കിവരുന്നത് . ടിയാളുകൾക്ക് പൊതുസമൂഹത്തിൽ ഒരു ജോലി ലഭിക്കുന്നതിന് പ്രയാസം നേരിടുന്ന സാഹചര്യം നില നിൽക്കുന്നതിനാൽ വീണ്ടും സമൂഹം അംഗീകരിക്കാത്ത തൊഴിലിലേക്ക് തന്നെ ഇവരെ തള്ളിവിടുന്ന പ്രവണത ഒഴിവാക്കപ്പെടേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി ടി യാളുകൾക്ക് അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽ പരിശീലനം നൽകുകയും സ്വയം തൊഴിൽ കണ്ടെത്തി സമൂഹത്തിന് പ്രയോജനപ്പെടുന്നവരാക്കി മാറ്റുക വഴി അവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനു സാധിക്കും . ആയതിലേക്ക് പ്രസ്തുത വ്യക്തികൾക്ക് നടപ്പുവർഷം ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങൾ മുഖേന സ്വയംതൊഴിൽ പരിശീലന കോഴ്സുകളിൽ ചേരുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

**ഉദ്ദേശലക്ഷ്യങ്ങൾ**

1. സാമൂഹ്യ പ്രതിരോധത്തിൻറെ ഭാഗമായി കുറ്റകൃത്യങ്ങൾ കുറഞ്ഞ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്നത് വകുപ്പിന്റെ പ്രൊബേഷൻ നയമാണ്. ആയതിന്റെ ഭാഗമായി കുറ്റകൃത്യങ്ങളിൽ പെട്ടവരെയും അതിക്രമത്തിന് ഇരയാക്കപ്പെട്ടവരെയും പുനരധിവസിപ്പിക്കുന്നതിലേക്ക് അവരുടെ അഭിരുചിയ്ക്കനുസരിച്ച് ഉള്ള തൊഴിലിൽ പരിശീലനം നൽകുക .

2. ടി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിലൂടെ സ്വന്തമായി

വരുമാന മാർഗം കണ്ടെത്താൻ പ്രാപ്തരാക്കുക .

3. അതിക്രമത്തിന് ഇരയാക്കപ്പെട്ടത് മൂലം മറ്റ് ജോലികൾ സ്വീകരിക്കുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ സ്വയം തൊഴിൽ കണ്ടെത്തി ജീവിക്കുന്നതിന് പ്രാപ്തരാക്കുക.

**രീതിശാസ്ത്രം**

1. പ്രൊബേഷണർ/ജയിൽ മോചിതർ /അതിക്രമത്തിന് ഇരയായവർ, ആശ്രിതർ/ യുവ കുറ്റാരോപിതർ തുടങ്ങിയവരിൽ ഓരോ ജില്ലയിൽ നിന്നും അഞ്ചു പേരെ കണ്ടെത്തി അവരുടെ അഭിരുചിക്കനുസൃതമായ കോഴ്സുകൾ തിരഞ്ഞെടുക്കുക.

2. പ്രസ്തുത കോഴ്സുകൾ പഠിപ്പിക്കുന്ന ഗവൺമെന്റ് സ്ഥാപനങ്ങൾ /എൻജിഒ സ്ഥാപനങ്ങ.ൾ/ ഗവൺമെന്റ് അംഗീകാരമുള്ള സ്ഥാപനങ്ങൾ എന്നിവ തിരഞ്ഞെടുത്തു അഡ്മിഷൻ ഉറപ്പാക്കാവുന്നതാണ്.

3. പ്രസ്തുത സ്ഥാപനത്തിൽ നിന്നും ലഭ്യമാകുന്ന കോഴ്സ് ഫീ ഡീറ്റെയിൽസ് /എസ്റ്റിമേറ്റ് പരിശോധിച്ചു പരമാവധി 15,000 രൂപയിൽ നിജപ്പെടുത്തി സ്ഥാപനത്തിന് രണ്ട് ഗഡുക്കളായി തുക കൈമാറാവുന്നതാണ്.

4. ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർ സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെടേണ്ടത് ആണ്.

5. കോഴ്സ് ഫീസിൻറെ 50% തുക ആദ്യഗഡുവായും 50 % കോഴ്സ് പൂർത്തിയാക്കുന്ന വേളയിലും സ്ഥാപനത്തിന് നൽകാവുന്നതാണ്.

6. പരിശീലനത്തിന് ചേരുന്ന ഒരു വ്യക്തിക്ക് ടൂൾകിറ്റ് ഇനത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള 2000 രൂപ ഒറ്റ തവണയായി ആദ്യഘട്ടത്തിലും സ്റ്റൈപ്പൻഡ് ഇനത്തിൽ അനുവദിക്കപ്പെട്ട 9000 രൂപ (3 മാസം വരെ ) രണ്ട് ഗഡുവായും ടി വ്യക്തിയുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തു നൽകേണ്ടതാണ്.

7.ഗവൺമെന്റ് സ്ഥാപനങ്ങൾ പ്രസ്തുത കോഴ്സുകൾക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് മിനിമം യോഗ്യത നിർബ്ബന്ധമാക്കുന്നുണ്ടെങ്കിൽ മിനിമം യോഗ്യത ഇല്ലാത്തപക്ഷം ബന്ധപ്പെട്ട കോഴ്സിൽ പരിശീലനം നേടിയിട്ടുണ്ട് എന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കിയാൽ മതിയാകും. സ്വയം തൊഴിൽ ചെയ്ത് ജീവിക്കുന്നതിനു ആവശ്യമായ പരിശീലനം ലഭിച്ചിട്ടുണ്ട് എന്നുള്ളത് നിർബന്ധമായും ഉറപ്പാക്കേണ്ടതാണ്.

**സാമ്പത്തിക അവലോകനം**

**ഒരു വ്യക്തിക്ക് അനുവദനീയമായ തുക**

Course fee @ 15000

Tool kit @ 2000

Stipend @ 3000*3=9000

Total @26000/-

<u>നടപ്പ് വർഷം ഒരു വ്യക്തിക്ക് അനുവദിക്കുന്ന തുക</u>

Course fee @ 7500

Tool kit @ 2000

Stipend @ 3000

Total @ 12500/-

<u>മോണിറ്ററിങ് ആൻഡ് ഇവാല്യവേഷൻ</u>

1. ജില്ലാ പ്രൊബേഷൻ ഓഫീസർമാർ പ്രൊബേഷൻ അസിസ്റ്റന്റ് മുഖേന ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ഓരോ മാസവും അറ്റൻഡൻസ് ശേഖരിക്കേണ്ടതും സ്ഥാപനവുമായി ബന്ധപ്പെട്ട് വേണ്ട നിർദ്ദേശം നൽകേണ്ടതുമാണ്.

2. കോഴ്സ് പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന വേളയിൽ മാത്രം അടുത്ത ഗഡു തുക നൽകാവൂ.

3. തൊഴിൽ പരിശീലന കോഴ്സ് , കോഴ്സിന് ചേർന്നവരുടെ വിശദാംശം , ഫീസ് ഡീറ്റെയിൽസ് എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ട് ആദ്യഘട്ടത്തിലും കംപ്ലീഷൻ സംബന്ധിച്ച റിപ്പോർട്ട് കോഴ്സ് പൂർത്തിയാക്കുന്ന വേളയിലും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

M. ANJANA IAS

സാമൂഹ്യ നീതി ഡയറക്ടർ